<u>പതിമൂന്നാം കേരള നിയമസഭ</u>

<u>ഏഴാം സമ്മേളനം</u>

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2055 12.02.2013 – ൽ മറുപടിക്ക്**

**തീരദേശ കപ്പൽ ഗതാഗതം**

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. എം.വി.ശ്രേയാംസ് കുമാർ :<br>ശ്രീ. റോഷി അഗസ്റ്റിൻ :<br>ശ്രീ. പി.സി. ജോർജ് :<br>ഡോ. എൻ. ജയരാജ്: | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് തീരദേശ കപ്പൽ ഗതാഗതം എന്ന പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) ഉണ്ട്. ജലത്തിൽകൂടിയുള്ള ചരക്ക് ഗതാഗതം യാഥാർത്ഥ്യമാക്കാൻ തീരദേശ കപ്പൽ ഗതാഗതം എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കേരളത്തിലെ ചെറുകിട തുറമുഖങ്ങളേയും ഉൾനാടൻ ജലഗതാഗതത്തേയും ബന്ധപ്പെടുത്തിക്കൊണ്ടാണ് ഈ പദ്ധതി ആവിഷ്ക്കരിച്ചിരിക്കുന്നത്. ബേപ്പൂർ, വിഴിഞ്ഞം, അഴീക്കൽ, കൊല്ലം, കൊടുങ്ങല്ലൂർ, ആലപ്പുഴ എന്നീ തുറമുഖങ്ങളിൽക്കൂടിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (ബി) | റോഡ്/റെയിൽ മാർഗ്ഗം കൈകാര്യം ചെയ്യുന്ന ചരക്കുകളിൽ 2015-ഓടെ 15% -വും 2020-ഓടെ 40% വും 2030-ഓടെ 50% വും ജലമാർഗ്ഗം കൈകാര്യം ചെയ്യുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിട്ടുള്ളത്. |
| (സി) | ഇത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | (സി) | ഉണ്ട്. കോസ്റ്റൽ ഷിപ്പിംഗിന്റെ ആക്ഷൻ പ്ലാൻ തയ്യാറാക്കാൻ മെസ്സേഴ്സ് ഡിലോയിറ്റ് ടച്ച് തോഹ്മാത്സു എന്ന കൺസൾട്ടന്റിനെ നിയോഗിച്ചിരുന്നു. അവർ തയ്യാറാക്കിയ Strategic Action Plan-ന് തത്വത്തിൽ അംഗീകാരം നല്കിയിട്ടുണ്ട്. |

Saliju

സെക്ഷൻ ഓഫീസർ